**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1519** **14-03-2022 - ൽ മറുപടിയ്ക്ക്**

**എം. എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശം അറിയിക്കാമോ; | (എ) | എം.എൻ ലക്ഷം വീട് പദ്ധതിക്ക് വേണ്ടി സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6,16,63,260/- രൂപ ഉപയോഗിച്ച് ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ പുനർനിർമ്മാണവും ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിനായി 4 ലക്ഷം രൂപ വീതം 4 ഗഡുക്കളായി 154 ഗുണഭോക്താക്കൾക്ക് നൽകുന്ന എം.എൻ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിയാണ് നിലവിൽ ഭവന നിർമ്മാണ ബോർഡിലുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ചാത്തന്നൂർ മണ്ഡലത്തിൽ നിലവിലുള്ള ലക്ഷം വീടുകൾ ഏതൊക്കെയാണെന്നും പ്രസ്തുത ലക്ഷം വീട് സങ്കേതങ്ങളിൽ ഓരോന്നിലും എത്ര വീടുകൾ വീതമുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | എം.എൻ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിന് അനുമതി നൽകിയ വിവിധ ജില്ലകളുടെ പട്ടികയിൽ ചാത്തന്നൂർ മണ്ഡലം ഉൾപ്പെട്ടിട്ടില്ല. |
| (സി) | മണ്ഡലത്തിൽ ഏതെങ്കിലും ലക്ഷം വീടുകൾ നവീകരിക്കുവാൻ അവശേഷിക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്നും പ്രസ്തുത ലക്ഷം വീടുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ? | (സി) | ചാത്തന്നൂർ മണ്ഡലത്തിൽ നവീകരിക്കാൻ അവശേഷിക്കുന്ന ലക്ഷം വീടുകൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ